## വേദനയ്ക്കിടയിലെ ചെറുപുഞ്ചിരി

ഫെബ്രുവരി മാസത്തിലെ അവസാന നാളുകളിൽ മാർച്ചിൽ വരാൻ പോകുന്ന പരീക്ഷ ഓർത്തുള്ള ടെൻഷനിലും തൊട്ടടുത്ത മാസമായി ഏപ്രിൽ വരുന്നു , വിഷുവും അവധിക്കാലവും എല്ലാം സ്വപ്നം കണ്ടായിരുന്നു ശ്രേയയുടെ ഓരോ ദിവസവും കടന്നു പോകുന്നത്. അവളുടെ അമ്മയും അച്ഛനും അനുജത്തിയും ചേരുന്നതായിരുന്നു അവളുടെ കുടുംബം. അച്ഛൻ ലോറി ഡ്രൈവർ ആയിരുന്നു. അമ്മ അത്യാവശ്യം ചില തുന്നൽ പണികളും സോപ്പ് നിർമ്മാണ യൂണിറ്റിൽ തൊഴിലാളിയായിരുന്നു. അമ്മയുടെ ചെറിയ വരുമാനം കൊണ്ടാണ് കുടുംബം കഷ്ടിച്ചു ജീവിച്ചു പോകുന്നത്. അച്ഛൻ ജോലി കഴിഞ്ഞു വരുമ്പോൾ കിട്ടുന്ന കാശിന് കള്ളുകുടിക്കുകയും വീട്ടിൽ അമ്മയോട് വഴക്കിടുകയും ബാക്കി വരുന്ന ചില്ലറത്തുട്ടുകൾ ശ്രേയയെ ഏൽപ്പിക്കുന്നതും പതിവായിരുന്നു. അത് അവളുടെ ഒരു പഴയ ബോക്സിൽ ഭദ്രമായി സൂക്ഷിക്കും. അങ്ങനെയിരിക്കെ ഒരു ദിവസം അവളുടെ സ്കൂൾ അസംബ്ലിയിൽ ചൈനയിൽ വൂഹാനിൽ നിന്ന് വന്ന കൊറോണയെന്ന രോഗത്തെ പറ്റിയും ആളുകൾ മരിക്കാൻ ഇടയായ സാഹചര്യവും പ്രധാന അധ്യാപിക വിശദീകരിച്ചു. അതിനു എടുക്കേണ്ട മുൻകരുതലുകളായ സോപ്പിട്ട് കൈകഴുകുന്നതിനെ കുറിച്ചും സാമൂഹിക അകലം പാലിക്കുന്നതിനെ കുറിച്ചും മാസ്ക്ക് ധരിക്കുന്നതിനെ കുറിച്ചും പറഞ്ഞു. തൊട്ടടുത്ത ദിവസങ്ങളിൽ ശ്രേയയുടെ നാട്ടിലേക്കും ആ മഹാമാരി വന്നു. അതോടെ സ്കൂൾ പരീക്ഷയും എല്ലാ ആഘോഷങ്ങളും നിർത്തലാക്കി. അതോടെ അവൾ വീട്ടിൽ തന്നെ കഴിഞ്ഞു കൂടി, അച്ഛനിക്ക് ജോലിയില്ല. അതോടെ അമ്മയ്ക്ക് കിട്ടുന്ന ശമ്പളം കൂടി അച്ഛൻ വാങ്ങിച്ചു കൊണ്ട് പോയി കള്ളു കുടിക്കാൻ തുടങ്ങി. ആകെ ആശ്വാസം നാട്ടുകാരുടെ ചെറിയ സഹായങ്ങൾ മാത്രം. അങ്ങനെയിരിക്കെ മാസ്ക്ക് നിർമ്മാണത്തെക്കുറിച്ച് വീടി നപ്പുറത്തെ കൂട്ടുകാരി പറഞ്ഞു . അവളുടെ വീട്ടിലെ പത്രമെടുത്ത് കൊണ്ടുവന്ന് ശ്രേയ അമ്മയെ കാണിചു. അമ്മയ്ക്ക് വളരെയധികം താൽപര്യം തോന്നി. അതിനായി അമ്മ കുറച്ച് തുണികൾ വാങ്ങിച്ചു. അപ്പോളാണ് ലോക്ഡൗൺ പ്രഖ്യാപിച്ചത്. അതോടെ അച്ഛന്റെ കള്ളുകുടി നിന്നു. അങ്ങനെ വീട്ടിൽ സമാധാനമുണ്ടായി. കള്ളു കുടിച്ചാലു ണ്ടാകുന്ന വിപത്തുകളെ പറ്റി ശ്രേയ അച്ഛന് പറഞ്ഞു കൊടുത്തു പതിയെ പതിയെ അച്ഛന് കള്ളിനോട് വെറുപ്പ് തോന്നി. അമ്മയുടെ മാസ്ക് നിർമ്മാണം പുരോഗമിച്ചു. മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും ഇതിനായി എടുത്ത നടപടികൾ കൊണ്ടാണ് രോഗികളുടെ എണ്ണം കുറഞ്ഞ് വന്നത്. അങ്ങനെ വിഷു എത്തി. സർക്കാരിന്റെ കിറ്റും അവളുടെ വീട്ടുമുറ്റത്തെ കണിക്കൊന്നയും അവളുടെ കുടുംബത്തിന് നല്ലൊരു വിഷുക്കാലം സമ്മാനിച്ചു. അടുത്ത വിഷു ആകുമ്പോൾ ഈ മഹാമാരി നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമാകണേ എന്നും അവൾ പ്രാർത്ഥിച്ചു. അവൾ മാറ്റി വച്ചപൈസ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്തു.

ഹലീമ തസ്നിം
7 ബി
കെ.കെ. വി യുപിഎസ്
മുട്ടക്കാവ്